"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല - മമ്പാട് ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ.ടി.പി. സായ് രാജ് നെ സേവനത്തിൽ നിന്ന് സസ്പെന്റ് ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2144/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 30/10/2021

പരാമർശം:-

1. ബഹു. എൻക്വയറി & സ്പെഷ്യൽ ജഡ്ജ് കോഴിക്കോട് കോടതിയുടെ 30.10.2019 ലെ CC 39/2016 നമ്പർ വിധിന്യായം
2. പഞ്ചായത്ത് ഡയറക്ടറുടെ 31.08.2021 ലെ PAN/14783/2019 – D4 (DP) നമ്പർ റിപ്പോർട്ട്
3. മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19/5/2021 ലെ കാരണം കാണിക്കൽ നോട്ടീസ്.
4. സർക്കാരിന്റെ 27.09.2021 ലെ ഇപിബി3/9/2021/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ മമ്പാട് ഗ്രാമപഞ്ചായത്തിലെ മുൻ ക്ലർക്ക് ശ്രീടി.പി സായ് രാജ് ഒരു സ്വകാര്യവ്യക്തിയിൽ നിന്ന് 600 രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ വിജിലൻസ് പിടികൂടുകയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുകയും, ടിയാനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് മലപ്പുറം വിജിലൻസ് ഡെപ്യൂട്ടി സൂപ്രണ്ട് 23/03/2019 ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19/06/2009 ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പ്രോസിക്യൂഷൻ അനുമതി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ടിയാനെതിരെയുള്ള VC/05/2007MPM നമ്പർ വിജിലൻസ് കേസിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ബഹു.എൻക്വയറി കമ്മിഷൻ & സ്പെഷ്യൽ ജഡ്ജ് കോഴിക്കോട് കോടതി മുൻപാകെ സമർപ്പിച്ചതിനെ തുടർന്ന് ബഹു.എൻക്വയറി കമ്മിഷൻ & സ്പെഷ്യൽ ജഡ്ജ് കോഴിക്കോട് കോടതി 30.10.2019 ന് CC 39/16 കേസിലെ കുറ്റാരോപിതനായ ശ്രീ. ടി പി സായ് രാജിനെ ഒരു വർഷം തടവിനും 5000 രൂപ പിഴയും ശിക്ഷിച്ചുകൊണ്ട് പരാമർശം (1) പ്രകാരം വിധി പുറപ്പെടുവിച്ചു.

ശ്രീ.ടി.പി.സായ് രാജ് കുറ്റവാളിയാണെന്ന് പ്രഖ്യാപിച്ച് ഉത്തരവായപ്പോൾ ടിയാനെ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് ഉത്തരവായിയെങ്കിലും തുടർന്ന് ബഹു.വിജിലൻസ് കോടതി വിധിക്കെതിരെ ടിയാൻ ബഹു.ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയും ജാമ്യം നേടുകയും ചെയ്തതിന്റെയും ടിയാന്റെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ 19/11/2019 ലെ ഉത്തരവ് പ്രകാരം സർവ്വീസിൽ പുന:പ്രവേശിപ്പിക്കുകയും ചെയ്തു. ബഹു. എൻക്വയറി കമ്മിഷൻ & സ്പെഷ്യൽ ജഡ്ജ് കോഴിക്കോട് കോടതി ശ്രീ.ടി.പി.സായ് രാജിനെ ശിക്ഷിച്ചുകൊണ്ട് ഉത്തരവ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട് എന്നും, നിലവിൽ പുൽപ്പററ ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ ജോലി നോക്കുന്ന ടിയാൻ 2022 നവംബർ മാസത്തിൽ സർവ്വീസിൽ നിന്നും വിരമിക്കുമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു ജീവനക്കാരനെതിരെ KCS(CC&A) ചട്ടങ്ങളിലെ <u>ചട്ടം 18 പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത്</u>

സർക്കാർ തലത്തിലാണ്. ഒരു സർക്കാർ ഉദ്യോഗസ്ഥനെതിരെ ക്രിമിനൽ കുറ്റത്തിനായി ഒരു ക്രിമിനൽ കോടതി കുറ്റം ചുമത്തുകയും, ടിയാനെതിരെ തടവോ പിഴയോ രണ്ടുംകൂടിയോ ശിക്ഷ വിധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടിയാൾ പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ, ശിക്ഷ സസ്പെൻഡ് ചെയ്തിട്ടുണ്ടോ എന്ന ഭേദമില്ലാത്ത ടി ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണെന്ന് 1960- ലെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 18- ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ കേസിൽ, ശ്രീ.സായി രാജിന് 1 വർഷത്തെ തടവും 5,000/- രൂപ പിഴയും ശിക്ഷ വിധിച്ചുകൊണ്ട് ബഹു.കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാളെ ചട്ടം 18(a) പ്രകാരം, ചട്ടം 18(aa)- യിലെ നടപടിക്രമം പാലിച്ച്, പി.എസ് .സിയുമായി കൂടിയാലോചിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. ആയതിനു മുന്നോടിയായി ടിയാളെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യേണ്ടതുമാണ്.

ബഹു.എൻക്വയറി കമ്മിഷൻ & സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട് കോടതി 30/10/2019 ലെ സി.സി.39/2016 നമ്പർ വിധിന്യായ പ്രകാരം ശ്രീ.സായി രാജിന് ഒരു വർഷത്തെ തടവ് ശിക്ഷയും 5,000/- രൂപ പിഴയും പിഴ ഒടുക്കിയില്ലെങ്കിൽ ഒരു മാസത്തെ അധികം തടവ് ശിക്ഷയും വിധിച്ചിട്ടുള്ളത് പരിഗണിച്ച്, KCS(CC&A) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം ടിയാനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (4) പ്രകാരം സർക്കാർ തലത്തിൽ കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ള സാഹചര്യത്തിൽ ശ്രീ.ടി.പി. സായ് രാജിനെ സർവ്വീസിൽ നിന്നും ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

1.. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

2. ശ്രീ.ടി.പി സായ് രാജ്. മുൻ ക്ലാർക്ക്, മമ്പാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല

(നിലവിൽ ചുങ്കത്തറ ഗ്രാമ പഞ്ചായത്ത് , പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

6. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

7. വിജിലൻസ് (ഡി) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. ഇപിബി. 3/9/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by Sudheer S S
Date: 30-10-2021 11:3 6
Reason: Approved
സെക്ഷൻ ഓഫീസർ